**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1348** **27-07-2021 - ൽ മറുപടിയ്ക്ക്**

**ക്ഷീരമേഖലയുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീരകർഷകർക്കായി ഏതൊക്കെ തരത്തിലുള്ള ക്ഷേമപദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; ഓരോ പദ്ധതിയുടെയും വിശദാംശം അറിയിക്കാമോ; | (എ) | ക്ഷീര കർഷക ക്ഷേമനിധിയിൽ അംഗത്വവും, പെൻഷന് യോഗ്യതയുമുള്ള ക്ഷീര കർഷകർക്ക് 1600/- രൂപ നിരക്കിൽ പ്രതിമാസ പെൻഷനും, 550/- രൂപ നിരക്കിൽ കുടുംബ പെൻഷനും നൽകി വരുന്നു. കൂടാതെ വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, വിദ്യാഭ്യാസ ധനസഹായം, മികച്ച ക്ഷീരകർഷകർക്ക് ജില്ലാതലത്തിലും, സംസ്ഥാനതലത്തിലും ക്യാഷ് അവാർഡ് തുടങ്ങിയവയും നൽകി വരുന്നു. സമഗ്ര ഇൻഷ്വറൻസ് പദ്ധതി പ്രകാരം ക്ഷീര കർഷകനും, കുടുംബാംഗങ്ങൾക്കും, അവർ വളർത്തുന്ന കന്നുകാലികൾക്കും ചികിൽസ ധനസഹായം ഉൾപ്പെടെയുള്ള ഇൻഷ്വറൻസ് പരിരക്ഷ നൽകി വരുന്നു. കൂടാതെ കോവിഡ്-19 രോഗബാധിതരായ ക്ഷേമനിധി അംഗങ്ങൾക്കും, നിരീക്ഷണ ത്തിൽ കഴിയുന്നവർക്കും ക്ഷേമനിധി മുഖാന്തരം ധനസഹായം നൽകി വരുന്നു. |
| (ബി) | ഗ്രാമീണമേഖലയിൽ പാലിന്റെയും പാലുത്പന്നങ്ങളുടെയും ഉപയോഗവും വിപണനവും വിപുലീകരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (ബി) | ക്ഷീരവികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ക്ഷീര പരിശീലന കേന്ദ്രങ്ങൾ വഴി പാലിന്റെയും പാലുല്പന്നങ്ങളുടെയും ഉപയോഗവും വിപണനവും വർദ്ധിപ്പിക്കുന്നതിനാവശ്യമായ പരിശീലനങ്ങൾ നൽകി വരുന്നു. കൂടാതെ പദ്ധതിയിനത്തിൽ ഉൾപ്പെടുത്തി ക്ഷീര സംഘങ്ങളിൽ പാലുല്പന്നങ്ങളുടെയും പാലിന്റെയും ചെറുകിട യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള ധനസഹായവും നൽകി വരുന്നു. മിൽമ മേഖല യൂണിയനുകൾ മുഖാന്തരം ക്ഷീര സംഘങ്ങൾ കേന്ദ്രീകരിച്ച് മിൽമ ഷോപ്പികളിലൂടെ പാലുത്പന്നങ്ങൾ വിപണനം ചെയ്തു വരുന്നു. ഇതിനായി സബ്സിഡി നിരക്കിൽ ഫ്രീസർ, കൂളർ എന്നിവയും നൽകുന്നു |
| (സി) | ഇതര സംസ്ഥാനങ്ങളിൽ നിന്ന് മായം കലർന്ന പാലും പാലുത്പന്നങ്ങളും സംസ്ഥാനത്ത് എത്തിച്ച് | (സി) | സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങളായ മീനാക്ഷിപുരം, ആര്യങ്കാവ്, പാറശ്ശാല |

| | | | |
|---|---|---|---|
| | വിപണനം നടത്തുന്നത് തടയുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | | എന്നിവിടങ്ങളിൽ പാലും പാലുല്പന്നങ്ങളും പരിശോധിക്കുന്നതിനു വേണ്ടി സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിശേഷ ദിവസങ്ങളിൽ സംസ്ഥാനത്തിന് പുറത്ത് നിന്നും വരുന്ന പാലിന്റെയും പാലുല്പന്നത്തിന്റെയും ഗുണനിലവാരം പരിശോധിക്കുന്നതിനായി താൽക്കാലിക ഗുണനിയന്ത്രണ ലാബുകൾ സംസ്ഥാന അതിർത്തിയിൽ സ്ഥാപിച്ച് ഗുണനിലവാരം പരിശോധിച്ച് ഉറപ്പിക്കാറുണ്ട്. കൂടാതെ ജില്ലകളിൽ വിറ്റഴിക്കുന്ന പാക്കറ്റ് പാലിന്റെ സാമ്പിൾ ശേഖരിച്ച് അതാതു ജില്ലകളിലെ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ പരിശോധന നടത്തുന്നുണ്ട്. വിശദമായ പരിശോധന ആവശ്യമുള്ള പക്ഷം കാസർഗോഡ്, പാലക്കാട്, കോട്ടയം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന റീജിയണൽ ലാബിലേക്കും തിരുവനന്തപുരത്തു പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഡയറി ലാബിലേക്കും സാമ്പിൾ ലഭ്യമാക്കാറുണ്ട്. ഗുണനിലവാരം ഉറപ്പാക്കുന്നതിനായുള്ള നിരന്തരമായുള്ള പരിശോധനകൾ കൂടാതെ ഓണം പോലുള്ള ആഘോഷ വേളകളിൽ പ്രത്യേക ഭക്ഷ്യസുരക്ഷാ സ്ക്വാഡ് രൂപീകരിച്ച് ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ചും അല്ലാതെയും ഭക്ഷ്യ സുരക്ഷാ വകുപ്പ് പരിശോധനകൾ നടത്തി വരുന്നു. 2019 ജൂൺ മാസം മുതൽ നാളിതുവരെ ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തിയ ഇത്തരം പരിശോധനകളിൽ അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവന്ന 559 പാൽ സാമ്പിളുകൾ ശേഖരിച്ച് ലാബ് പരിശോധനകൾ നടത്തിയിട്ടുണ്ട്. ഈ പരിശോധനകളിൽ ആരോഗ്യത്തിന് ഹാനികരമായോ, ഗുണ നിലവാരമില്ലാത്തതോ ആയ പരിശോധനാ ഫലം ലഭിക്കുന്ന ബ്രാൻഡുകൾക്കെതിരെ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം അഡ്ജ്യൂഡിക്കേഷൻ/ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ഡി) | പാറശ്ശാലയിൽ ആരംഭിച്ച ക്ഷീരപരിശോധന ചെക്ക് പോസ്റ്റിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ഡി) | പാറശ്ശാലയിൽ ആരംഭിച്ച ചെക്ക്പോസ്റ്റിൽ സ്ഥിരം ജീവനക്കാരെ നിയമിക്കുകയും പദ്ധതി വിഹിതത്തിൽ നിന്നും ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുകയും ചെയ്തു. 24 മണിക്കൂറും തുടർച്ചയായി പാലും പാലുല്പന്നങ്ങളും പരിശോധിക്കുന്നതിനായി തിരുവനന്തപുരം ഗുണനിയന്ത്രണ ഓഫീസറിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ